തടവുകാർക്കുള്ള ഭക്ഷണം

26 [*173] ശ്രീ. പി. നാരായണൻ :

„ ബിനോയ് വിശ്വം :

„ പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന തടവുകാർക്കുള്ള 'ഡയറ്റ് മെനു' എന്താണെന്ന് വെളിപ്പെടുത്തുമോ; ഇതനുസരിച്ച് ഓരോ തടവുകാർക്കും അനുവദിച്ചിട്ടുള്ള ആഹാര സാധനങ്ങളുടെ അളവ് എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) തടവുകാരുടെ ഭക്ഷണസാധനങ്ങളിൽ തിരിമറി നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) തടവുകാർക്ക് രാവിലെ 200 ഗ്രാം ഗോതമ്പിന്റെ ചപ്പാത്തിയും ഉച്ചയ്ക്കും വൈകിട്ടുമായി 450 ഗ്രാം അരിയുടെ (250+200) ചോറും കറിയും തിങ്കൾ, ബുധൻ ദിവസങ്ങളിൽ സാധാരണ നൽകുന്ന പച്ചക്കറിക്കും തൈരിനും പുറമേ 70 ഗ്രാം ഉണക്ക മത്സ്യവും (ലഭ്യമായില്ലെങ്കിൽ 140 ഗ്രാം പച്ച മത്സ്യം) മത്സ്യം കഴിക്കാത്തവർക്ക് 350 ഗ്രാം പച്ചക്കറി, ശനിയാഴ്ച 71 ഗ്രാം ആട്ടിറച്ചി, അല്ലെങ്കിൽ 800 ഗ്രാം പച്ചക്കറി, രാവിലേയും വൈകിട്ടും പാൽ ചേർത്ത ചായ, വൈകിട്ട് ചേന, വാഴയ്ക്ക എന്നിവയിലേതെങ്കിലും അതോടൊപ്പം പയറോ കടലയോ ചേർത്ത പുഴുക്ക് എന്നിവയാണ് 'ഡയറ്റ് മെനു'വിലെ പ്രധാന ഇനങ്ങൾ.

(ബി & സി) ഉണ്ട്. ഗ്രീവൻസ് ഡെപ്പോസിറ്റ് ബോക്സ് വഴി സെഷൻസ് ജഡ്ജിയിൽ നിന്നും ലഭിച്ച തിരുവനന്തപുരം സെൻട്രൽ ജയിലിലെ പേരോ മറ്റ് വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ലാത്ത 'പാവപ്പെട്ട തടവുകാർ' എന്ന വിലാസത്തിൽ ലഭിച്ച ഒരു ഹർജിയിൻമേൽ ജയിൽവകുപ്പ് ചീഫ് വെൽഫെയർ ഓഫീസർ 8-1-2005-ൽ അന്വേഷണം നടത്തുകയും മുഴുവൻ തടവുകാർക്കും ഉച്ചഭക്ഷണം നൽകിയതിനു ശേഷം 18.750 കിലോ ഗ്രാം ഇറച്ചി അധികം സൂക്ഷിച്ചിരുന്നതായി കണ്ടെത്തുകയും എന്നാൽ അതേ ദിവസം തന്നെ ഇറച്ചി തികയാതെ വന്നതിനാൽ പല ബ്ലോക്കുകളിലും ഇറച്ചി നൽകാതിരിക്കുകയും ചെയ്തതായി ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്ന് ചീഫ് വെൽഫെയർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ കുറ്റക്കാരായി കാണുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly